"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

**കേരള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഈടാക്കുന്ന അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ 10.04.2023 മുതൽ പ്രാബല്യത്തിലുണ്ടായിരുന്ന നിരക്ക് പ്രകാരം ഒടുക്കിയവർക്ക് അധികമായി ഒടുക്കിയ തുക തിരികെ ലഭിക്കുന്നതിന് അപേക്ഷ നൽകുന്നതിനുള്ള കാലയളവ് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ(ആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1980/2026/LSGD　തീയതി, തിരുവനന്തപുരം, 23-10-2026

---

പരാമർശം:-

1. 31.03.2023-ലെ സ.ഉ.(കൈ)നം.85/2023/LSGD
2. 30.07.2024-ലെ സ.ഉ.(കൈ)നം.97/2024/LSGD
3. 03.07.2025-ലെ സ.ഉ.(സാധാ)നം.1653/2025/LSGD
4. 28.01.2026-ലെ സ.ഉ.(സാധാ)നം.226/2026/LSGD
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.09.2026-ലെ LSGD/PD/15652/2025-AR1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ്, ലേഔട്ട് അപ്രൂവലിനുള്ള സ്ക്രൂട്ട്നി ഫീസ് എന്നിവയുടെ നിരക്ക് പരാമർശം (1) പ്രകാരം 10/04/2023 തീയതി പ്രാബല്യത്തിൽ വർധിപ്പിക്കുകയും പിന്നീട് പരാമർശം (2) പ്രകാരം പ്രസ്തുത ഫീസുകൾ 01.08.2024 തീയതി പ്രാബല്യത്തിൽ കുറവു വരുത്തുകയും ചെയ്തിരുന്നു. 10/04/2023 മുതൽ പ്രാബല്യത്തിലുണ്ടായിരുന്ന നിരക്ക് പ്രകാരം അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ ഒടുക്കിയവർക്ക്, പരാമർശം (1) പ്രകാരം നിശ്ചയിച്ച നിരക്കിനേക്കാൾ അധികം ഈടാക്കിയ തുക തിരികെ നൽകുന്നതിന് പരാമർശം (2) പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നൽകുകയും തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പരമാവധി നേരത്തെ എന്നാൽ 2025 മാർച്ച് 31-ന് മുൻപായി അധികമായി ഈടാക്കിയ പെർമിറ്റ് ഫീസും അപേക്ഷ ഫീസും തിരികെ നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. റീഫണ്ടിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി പരാമർശം (3) പ്രകാരം 30.09.2025 വരെയും പരാമർശം (4) പ്രകാരം 15.02.2026 വരെയും ദീഘിപ്പിച്ച് നൽകിയിട്ടുണ്ട്.

2) വിവിധ കാരണങ്ങളാൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ റീഫണ്ടിനുള്ള അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. അർഹരായ മുഴുവൻ വ്യക്തികൾക്കും ടി ആനുകൂല്യം ലഭിക്കുന്നതിന് നിലവിലുള്ള അപേക്ഷ കാലാവധി നീട്ടി നൽകുന്നത് ഉചിതമാണെന്ന് പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം 10/04/2023 മുതൽ പ്രാബല്യത്തിലുണ്ടായിരുന്ന നിരക്കിൽ തദ്ദേശസ്ഥാപനങ്ങളിൽ അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ ഒടുക്കിയവർക്ക്, പരാമർശം (2) പ്രകാരം നിശ്ചയിച്ച നിരക്കിനേക്കാൾ അധികം ഈടാക്കിയ തുക തിരികെ ലഭിക്കുന്നതിന് അപേക്ഷ നൽകുന്നതിനുള്ള കാലയളവ് **31/12/2026 വരെ ദീർഘിപ്പിച്ചുകൊണ്ടും** ലഭ്യമാകുന്ന എല്ലാ അപേക്ഷകളിലും അർഹമായ റീഫണ്ട് നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

4) **റീഫണ്ടിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിന് 31/12/2026-ന് ശേഷം ഇനി ഒരു അവസരം ഉണ്ടായിരിക്കുന്നതല്ല.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**R K SHIBI**

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ(അർബൻ), തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തദ്ദേശസ്വയംഭരണ വകുപ്പ് വിജിലൻസ് വിംഗ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം
എല്ലാ ജില്ല ജോയിന്റ് ഡയറക്ടർമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും (ചീഫ് ടൗൺ പ്ലാനർ മുഖേന)
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ്&ന്യൂമീഡിയ),വിവര പൊതുജനസമ്പർക്ക വകുപ്പ് (ഗവൺമെൻ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ ഓഫീസർ(പ്രസ് റിലീസ്), വിവര പൊതുജനസമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (RA1/4/2026/LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Rashmi D
Date: 23-10-2026
16:52:24

സെക്ഷൻ ഓഫീസർ

പകർപ്പ്:തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ/സ്പെഷ്യൽ സെക്രട്ടറിയുടെ പിഎയ്ക്ക്